"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്-വയനാട് പാക്കേജ്- മാനന്തവാടി, എടവക ഗ്രാമപഞ്ചായത്ത് ഗവ.കോളേജിൽ ഓഡിറ്റോറിയം-കം-ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.227/2024/P&EA — തിരുവനന്തപുരം, 19-06-2024

---

പരാമർശം:-

1. സ.ഉ(കൈ) നം.8/2023/P&EA തീയതി 23.03.2023.
2. സ.ഉ(കൈ) നം.9/2023/P&EA തീയതി 25.03.2023.
3. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 16.06.2023 ലെ എസ് പിബി/388/2021/അഗ്രി നമ്പർ കത്ത്.
4. 03.08.2023, 23.02.2024 തീയതികളിൽ ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

ഉത്തരവ്

പരാമർശം (1) പ്രകാരം ഇടുക്കി വികസന പാക്കേജ് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും പരാമർശം (2) പ്രകാരം സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചും സർക്കാർ ഉത്തരവായിരുന്നു.

2.വയനാട് ജില്ലയിൽ എടവക ഗ്രാമപഞ്ചായത്തിൽ മാനന്തവാടി ഗവൺമെന്റ് കോളേജിൽ ഓഡിറ്റോറിയം-കം-ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്ന പദ്ധതിക്ക് 750 ലക്ഷം രൂപയുടെ ഭരണാനുമതി നല്കണമെന്ന് പരാമർശം (3) പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. നിർദ്ദിഷ്ട ഓഡിറ്റോറിയത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സെമിനാർ ഹാളുകൾ, പാർക്കിങ് സൗകര്യങ്ങൾ തുടങ്ങിയവ ഒരുക്കി നിലവിലുള്ള ഭൂമിയുടെ സാഹചര്യം ഉപയോഗപ്പെടുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

3. രണ്ടു തവണ Expression of Interest (EOI) വിളിച്ചെങ്കിലും ജില്ലാ നിർമ്മിതി കേന്ദ്രം മാത്രമാണ് പങ്കെടുത്തതെന്നും വയനാട് ജില്ലയിൽ ഒരിടത്തും ഓഡിറ്റോറിയം-കം- ഇൻഡോർ സ്റ്റേഡിയം ഇല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ടെന്നും ആയതിനാൽ മാനന്തവാടി ഗവൺമെന്റ് കോളേജിൽ ഓഡിറ്റോറിയം-കം- ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്ന പദ്ധതിക്ക് ഭരണാനുമതി നൽകണമെന്നും ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രയെ ചുമതലപ്പെടുത്തണമെന്നും വയനാട് ജില്ലാ കളക്ടർ അഭ്യർഥിച്ചിരുന്നു.

4. 03.08.2023, 23.02.2024 തീയതികളിൽ ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി

യോഗങ്ങളിൽ പ്രസ്തുത വിഷയം പരിഗണിച്ചിരുന്നു. 23.02.2024 - ൽ ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിൽ പ്രസ്തുത ഓഡിറ്റോറിയം-കം- ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകുവാനും ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി വയനാട് ജില്ലാ നിർമ്മിതി കേന്ദ്രയെ ചുമതലപ്പെടുത്തുവാനും കമ്മിറ്റി ശുപാർശ ചെയ്തു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം വയനാട് പാക്കേജിന്റെ ഭാഗമായി മാനന്തവാടി ഗവൺമെന്റ് കോളേജിൽ ഓഡിറ്റോറിയം-കം-ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വയനാട് ജില്ലാ നിർമ്മിതി കേന്ദ്രമായിരിക്കും പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഇതിനാവശ്യമായ തുക 2024-2025 വർഷത്തെ '4575-60-800-95(Capital) വയനാട് പാക്കേജ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈനി ജോർജ്
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, വയനാട്
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യ വകുപ്പ്)
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ചീഫ്, അഗ്രി ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്
ധനകാര്യ(വ്യയം-ബി) വകുപ്പ് ( EXP-B3/291/2023-FIN കുറിപ്പ് പ്രകാരം)
ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട്
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വയനാട്
വെബ് & ന്യൂ മീഡിയ (ഐ&പി .ആർ.ഡി)

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 20-06-2024 10:20:46
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു.മുഖ്യമന്ത്രിയുടെ പി.എസ് ന്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി